
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR
RESEARCHERS

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

# Margamkali Aattaprakaram
## (Study on Performing Art)
## മാർഗ്ഗംകളി ആട്ടപ്രകാരം




| | |
|---|---|
| Call Number | RR-1384 |
| Title | Margamkali Aattaprakaram<br>മാർഗ്ഗംകളി ആട്ടപ്രകാരം |
| Topic | ഭാഗം ഒന്ന് -മാർഗ്ഗംകളി സാമാന്യ നിരീക്ഷണം<br>ഭാഗം രണ്ട് - മാർഗ്ഗംകളി പാട്ട്<br>ഭാഗം മൂന്ന്- മാർഗ്ഗംകളി ആട്ടപ്രകാരം<br>അനുബന്ധം –ഒന്ന് |
| Author | Dr. Jacob Vellian<br>Dr. Chummar Choodal |
| Publisher/Year | Hadusa, Kottayam /2009 |
| Distribution | Jyothi Book House, Kottayam |
| Edition | 4th |
| Printed at | Kottayam |
| Total Pages | 88 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | |
| Key Words | # MargamkaliAattaprakaram #Marggamkali #DrJacob Vellian #Frvellian # DrChummarChoodal #Hadusa #Jyothibooks #kottayam |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# മാർഗ്ഗംകളി ആട്ടപ്രകാരം

മാർഗ്ഗംകളിപ്പാട്ടും മാർഗ്ഗംകളിയും പഠിക്കുന്നവർക്ക്
ഒരു റഫറൻസ് ഗ്രന്ഥം

നാലാം പതിപ്പ്
ജനുവരി 2009

ഡോ. ജേക്കബ് വെള്ളിയാൻ
ഡോ. ചുമ്മാർ ചൂണ്ടൽ

പ്രസാധനം:

ഹാദൂസാ, അഖിലേന്ത്യ ക്രൈസ്തവ രംഗകലാകേന്ദ്രം
ചൈതന്യ കോട്ടയം – 6860060481–2790947
0481 – 2790947, 0489 – 242313

വിതരണം:

ജ്യോതി ബുക്ക് ഹൗസ്, കെ.കെ. റോഡ്
കോട്ടയം – 686001
0481 – 2301034

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Malayalam

Margamkali Aattaprakaram

(Study on performing Art) 4th impression

By

**Dr. Jacob Vellian**
Director,
Hadusa, All India Institute for Christian
Perfoming Arts, Chaithanya Kottayam- 686 006
Ph: 04829-242-313

**(The Late) Dr. Chummar Choodal**
St. Thomas College, Trichur

4th Revised Edition: June 2009

Price: Rs.50

Type setting & Printing :
Udaya Offset Press
Kottayam
Ph: 0481 - 2567370

Published by:
Hadusa, Kottayam-686006, 2009

Distribution:
Jyothi Book House, Kottayam.
Phone: 2301034

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഉള്ളടക്കം

ഹല്ലേലുയ്യ
കേളികൊട്ട്
മാർഗ്ഗം കളിയും ഹാദൂസായും

**ഭാഗം ഒന്ന്: സാമാന്യ നിരീക്ഷണം**

മാർഗ്ഗത്തിന്റെ പൊരുൾ
ഇതിവൃത്തം
സംഗീതം
ഭാഷയും വൃത്തവിചാരവും
വേഷവും ആടയാഭരണങ്ങളും

മാർഗ്ഗംകളിപ്പാട്ടുകൾ അവതരണ ശൈലിയിൽ

**ഭാഗം രണ്ട്: മാർഗ്ഗംകളിപാട്ട്**

സമ്പാദനം, പ്രസിദ്ധീകരണം
രംഗപാഠം

**ഭാഗം മൂന്ന്: മാർഗ്ഗംകളി ആട്ടപ്രകാരം**

വന്ദനഗാനം, പാദങ്ങൾ ഒന്നുമുതൽ പതിനാലുവരെ

**അനുബന്ധം: ഒന്ന്**

മത്സരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഗ്രന്ഥസൂചി

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഹല്ലേലൂയ്യ



ഡോ.ജേക്കബ് വെള്ളിയാൻ


സുരഭില പ്രതിഭേ സുവിശേഷപ്രഭയേ,
തോമ്മാ... നീയേ..... ശരണം
മാർത്തോമ്മാ.... നീയേ .....ശരണം.

രക്ഷയും നീയേ രക്ഷകശിഷ്യനും നീയേ,
പുനരുത്ഥാന സാക്ഷിയും നീയേ
സുരഭില...... ശരണം.
നായകൻ നീയേ നാകദീപവും നീയേ
ഭാരതമുക്തിമാർഗ്ഗവും നീയേ
സുരഭില പ്രതിഭേ, സുവിശേഷപ്രഭയേ
തോമ്മാ... നീയേ..... ശരണം
മാർത്തോമ്മാ.... നീയേ .....ശരണം.

ഈ ഗാനം ആവേശത്തോടെ
പാടുകയും ഏറ്റുപാടുകയും ചെയ്ത
പ്രിയപ്പെട്ട ചുമ്മാർ ചൂണ്ടലിന്റെ
നാടോടി നാട്ടരങ്ങിന്റെ നിലച്ചുപോയ
ആ ശബ്ദത്തിന്റെ
സ്മരണക്കു മുമ്പിൽ നമോവാകം.

ഡോക്ടർ ജേക്കബ് വെള്ളിയാൻ
ഡയറക്ടർ,
ഹാദൂസാ

ജൂലൈ 3, 2009



ഡോ.ചുമ്മാർ ചൂണ്ടൽ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ഭാഗം ഒന്ന്

## മാർഗ്ഗം കളി

# സാമാന്യ നിരീക്ഷണം

കേരളത്തിലെ ക്രിസ്ത്യാനികളുടെ കലാരൂപമാണ് മാർഗ്ഗംകളി, പരിചമുട്ടുകളി, വട്ടക്കളി, ചവിട്ടുനാടകം എന്നിവ. സുറിയാനി ക്രിസ്ത്യാനികളുടേത് മാത്രമായ ഒരു പ്രാചീനകലാരൂപമാണ് മാർഗംകളി. ഈ നാടോടിനൃത്തം പ്രചുരപ്രചാരം നേടിയിട്ടുള്ളത് ക്രൈസ്തവ സമൂഹത്തിലെ ക്നാനായ ക്രിസ്ത്യാനികൾക്കിടയിലാണ്. മദ്ധ്യതിരുവിതാംകൂറിലെയും മലബാറിലെയും ക്നാനായ ക്രിസ്ത്യാനികൾ തങ്ങളുടെ കലാസാംസ്ക്കാരിക പൈതൃകം കാത്തുസൂക്ഷിച്ചുപോരുന്നുണ്ട്. ക്രിസ്തുവിന്റെ ശിഷ്യഗണത്തിൽ പ്രമുഖനായ മാർത്തോമ്മായുടെ ചരിത്രമുൾക്കൊള്ളുന്നതാണ്. മാർഗ്ഗംകളിപ്പാട്ട്. പള്ളിയോടനുബന്ധിച്ചുള്ള തിരുനാളാഘോഷങ്ങൾക്കും, വിവാഹത്തിനും മറ്റ് പ്രത്യക അവസരങ്ങളിലും മാർഗംകളി നടത്തിവന്നിരുന്നു. ഇന്നിത് യുവജനോത്സവങ്ങളിൽ മത്സരത്തിനുള്ള ഒരു രംഗകലയാണ്.

### 'മാർഗ' ത്തിന്റെ പൊരുൾ

മാർഗം എന്ന പദം ക്രിസ്തുമതത്തെ പ്രതിനിധാനം ചെയ്യുന്നു. അന്വേഷണം, വഴി, മതം എന്നർത്ഥത്തിൽ ബുദ്ധമത്തിൽ മാർഗശബ്ദം പ്രചുരപ്രചാരം നേടിയിട്ടുള്ളതാണ്. നിർവാണത്തിനുവേണ്ടി ബുദ്ധൻ ഉപദേശിക്കുന്ന 'അഷ്ടമാർഗ'സന്ദേശം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. മാർഗശബ്ദത്തിന്റെ നിഷ്പത്തി പ്രാകൃതഭാഷയിൽ നിന്നാണ്. പിന്നീട് പാലിഭാഷയിലേയ്ക്കു സംക്രമിച്ചു. ബൗദ്ധസിദ്ധാന്തങ്ങളെല്ലാം പാലിയിലാണല്ലോ എഴുതിയിട്ടുള്ളത്. ഇന്ത്യയിൽ ക്രിസ്തുമതം കാലുകുത്തുന്നതിന് നൂറ്റാണ്ടുകൾക്കുമുമ്പേ ആ പരിപാവനമായ ശബ്ദത്തിന്റെ പ്രഭാവം ഇന്ത്യൻ ജനതയിൽ വേരൂന്നിയിട്ടുണ്ടായിരുന്നു. ബൗദ്ധതത്വപ്പൊരുളിന്റെ ഓങ്കാരശബ്ദമായ മാർഗത്തിന്റെ പ്രചാരം ക്രിസ്തുമതത്തെ വളരെ കൂടുതലും, മുഹമ്മദീയമതത്തെ അല്പമായും ഭാഷയിൽസ്വാധീനിച്ചിരിക്കാം. പക്ഷെ ക്രൈസ്തവ ദർശനത്തിന്റെയും ഹീബ്രു-ഗ്രീക്ക് സംസ്ക്കാരിക പാരമ്പര്യത്തിന്റെയും തീക്ഷ്ണമായ ആശയസംവേദനം മാർഗശബ്ദം ഉൾക്കൊള്ളുന്നതുകൊണ്ട് ഈ ക്രൈസ്തവ കലാരൂപത്തിന് മാർഗംകളി എന്ന സംജ്ഞ തികച്ചും അന്വർത്ഥവും സമുചിതവുമാണെന്ന് ചുമ്മാർ ചൂണ്ടൽ (മാർഗംകളി, പുറം 15-16) അഭിപ്രായപ്പെടുന്നു. "ഞാനാകുന്നു മാർഗവും, സത്യവും, ജീവനും. ഞാൻ വഴിയല്ലാതെ ആരും പിതാവിന്റെ അടുക്കലെത്തുന്നില്ല" എന്ന ബൈബിൾ വാക്യവും മാർഗശബ്ദത്തിന്റെ അകപ്പൊരുളിനെ വിശദമാക്കുന്നുണ്ട്.



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## വേഷവും ആടയാഭരണങ്ങളും

പുരുഷന്മാർക്ക്: കസവുകരയുള്ള മുണ്ട്; കവിണികൊണ്ട് തലയിൽ കെട്ടുന്നു. (ഞെട്ടും വാലുമിട്ടാണ് കെട്ടേണ്ടത്). ചുവന്നതുണികൊണ്ടുള്ള അരക്കെട്ടു ഇടതുവശത്തുനിന്നും കൊണ്ടുവന്നു വലതുവശത്തേയ്ക്കു തൂക്കിയിടുന്നു. അഗ്രങ്ങൾ കയറിയിറങ്ങി ഇരിക്കണം. ആഭരണങ്ങളൊന്നും പുരുഷന്മാർക്കില്ല.

സ്ത്രീകൾക്ക്: കച്ചമുറി (മുണ്ട്), പണിച്ചട്ട എന്നിവ കോടിനിറമുള്ളവ (കസവുവേണ്ട)യാണ്.

മുണ്ടിന്റെ 4 വിളമ്പുകളിലും നെടുനീളെ ഡിസൈൻ ലെയ്സ് പിടിപ്പിക്കാം. 2 ഇഞ്ചിൽ കവിയാത്ത 18 നും 24 നും ഇടയ്ക്കു ഞൊറികൾ അടുക്ക് ഇട്ട് പിറകിൽ വിശറിപോലെ വരത്തക്കവിധം മുണ്ട് ഉടുക്കണം.



സുറിയാനി വനിത മാറിക്കൂട്ട് ഞൊറിയിട്ടുള്ള അടുക്ക് ഇട്ട് ഉടുത്ത പുടവ

ചട്ട അരമടിയിലയ്ക്കു ഇറങ്ങിക്കിടത്തക്കവിധം ഇറക്കമുള്ളതും അതിന്റെ കൈകൾ കൈമുട്ടുകളിൽ നിന്ന് 2-4 ഇഞ്ച് ഇറങ്ങിക്കിടക്കുന്നതും ആയിരിക്കണം. ചട്ടയുടെ കൈയുടെ വിളുമ്പുകളിലും, മുമ്പിലും പിന്നിലുമുള്ള താഴത്തെ വിളുമ്പുകളിലും ലെയ്സു വയ്ക്കാം. മുൻവശത്തും പിമ്പിലും നെടുനീളം മേലുകീഴായി അകറ്റി രണ്ടു ലൈനുകളിലലായി ലെയ്സ് തുന്നിപ്പിടിപ്പിക്കാവുന്നതാണ്. ചട്ടയുടെ കഴുത്തു 'V' ആകൃതിയിലായിരിക്കും. കഴുത്തിന്റെ വിളുമ്പിലും ലെയ്സു വയ്ക്കാം.

ഡിസൈൻ ലെയ്സ് കറുപ്പുനീക്കി എതു നിറവുമാകാം. ചട്ടയിലേയും മുണ്ടിലേയും ലെയ്സ് ഒന്നുതന്നെ ആയിരിക്കണം. ലെയ്സിന് ഒരിഞ്ചു വീതി മതിയാകും.

ചെറിയ കസവു കവിണി (നേരിയത്) പണിച്ചട്ടയ്ക്കു മീതെ ഇടത്തെ തോളിൽ ഏകദേശം ആറിഞ്ചു വീതിയിൽ നെടുനീളെ മടക്കി ഇടുന്നു. പിറകിലത്തെ അറ്റം അടുക്കിനുമുകളിൽ നില്ക്കത്തക്കവിധവും മുമ്പിലത്തെ അറ്റം വലതുവശത്തു വരത്തക്കവിധവും ആണ് മാറിൽ കവിണി ഇടേണ്ടത്.

കൈകളിൽ കാപ്പു രൂപത്തിലുള്ള ഓരോ കൈവള സ്വർണ്ണ നിറത്തിൽ ധരിക്കാം. കാലുകളിൽ ഓരോ വെള്ളിത്തള (രണ്ടത്തും മുട്ടുള്ളത്); കഴുത്തിൽ നിന്ന് ഒന്നോ രണ്ടോ ഇഞ്ച് ഇറക്കമുള്ള ഓരോ കാശുമാലയും ധരിക്കാവുന്നതാണ്. കാതുകളിൽ ധരിക്കുന്ന കുണുക്കിന് (മേക്കാമോതിരത്തിന്) ഉള്ളിൽ ഒരിഞ്ചു വ്യാസമേ ആകാവു. കാതുകളിൽ അഞ്ചോ ഏഴോ വെള്ളക്കല്ലുകളുള്ള ഓരോ കമ്മൽ; (വൃത്താകൃതി) മുടി മായി



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാർഗംകളിപ്പാട്ടിന്റെ ഈരടികൾക്ക് വൃത്തബന്ധം കാണാം. അതിലേറെ വൃത്തരഹിതമായ താളവട്ടങ്ങളും. ഒന്നാം പാദത്തിലെ ഈരടികൾ പല രീതികളിലാണ് രചിച്ചിട്ടുള്ളത്. രണ്ടാം പാദം ഊനകാകളിയാണെങ്കിൽ മൂന്നാം പാദം കാകളിവൃത്തത്തിലാണ്. പൂർണമായി ദ്രാവിഡവൃത്തങ്ങളുടെ ഗണമൊപ്പിച്ച് വൃത്തങ്ങളെ വേർതിരിച്ച് കാണിക്കാൻ വിഷമമുണ്ട്. സംഗീതത്തിന്, പ്രത്യേകിച്ച് പൗരസ്ത്യഗാനാലാപന ശൈലിക്ക്, പ്രാധാന്യം കൊടുത്ത രചനയിൽ വൃത്തമാചാരചിന്തയ്ക്കത്ര പ്രസക്തിയില്ലെന്നു പറയാം. കർത്തൃത്വം അക്കമിട്ടു പറയാൻ കഴിയാത്ത നാടോടി പാട്ടുകളുടെ രചനകൾ ഒട്ടുമുക്കാലും പണ്ഡിത വർഗത്തിന്റേതാകണമെന്നില്ലല്ലോ. താളാത്മകമായി പാടാനും ആടാനുമുള്ള തമിഴ് ചിന്തുകളുടെ കാലഘട്ടത്തെയാണ് മാർഗംകളിപ്പാട്ട് ഓർമ്മിപ്പിക്കുന്നത്.

മാർഗംകളിപ്പാട്ടിന്റെ രചനാശൈലിയിൽതന്നെ പള്ളിച്ചിന്തും മറ്റുപാട്ടുകളും പ്രാചാരത്തിലുണ്ട്. വട്ടക്കളിപ്പാട്ടുകളും കല്യണപ്പാട്ടുകളും അതിനുദാഹരണങ്ങളാണ്.

## കലോത്സവത്തിൽ മാർഗംകളി അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ

1. പരമ്പരാഗതമായി 12 പേരാണ് സംഘത്തിലുള്ളതെങ്കിലും സ്കൂൾ കലോത്സവത്തിൽ പാടിക്കൊടുക്കാനുള്ള ഒരാൾ ഉൾപ്പെടെ ഏഴു പേരാണ് അനുവദിച്ചിട്ടുള്ളത്.
2. ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള അംഗീകൃതമായ പാട്ടും ഗാനരീതിയും നൃത്തവിന്യാസവും വേഷവിധാനവും അനുസരിച്ചാണ് കളിക്കേണ്ടത്.
3. ആൺകുട്ടികളും പെൺകുട്ടികളും വെവ്വേറെ സംഘങ്ങളായി കളി അവതരിപ്പിക്കേണ്ടതാണ്. സമ്മിശ്ര ഗ്രൂപ്പുകൾ പാടില്ല.
4. കളിയുടെ അവതരണത്തിൽ രംഗസാമഗ്രിയായ നിലവിളക്കും അതിൽ കുറഞ്ഞത് മൂന്ന് കത്തിച്ച തിരികളും ഉണ്ടായിരിക്കണം. വിളക്കിന്റെ അഗ്രത്തിൽ പ്രത്യേക ചിഹ്നമൊന്നും വേണമെന്നില്ല.
5. പിന്നണി ഗാനം പാടില്ല. താളത്തിന് കുഴിത്താളം (ചെറിയ ഇലത്താളം) അല്ലാതെ മറ്റു വാദ്യോപകരണങ്ങൾ പാടുള്ളതല്ല.
6. വാളും പരിചയും ഉപയോഗിച്ചു കൊണ്ടുള്ള പരിചമുട്ടുകളിയും ഈ പുസ്കത്തിൽ കൊടുത്തിട്ടുള്ള മാർഗംകളി പാട്ടുകളല്ലാതെ മറ്റു പാട്ടുകളും മാർഗം കളിയിൽ ഉൾപ്പെടുത്തിക്കൂടാ.
7. കൂടുതൽ പാദങ്ങൾ കളിക്കാൻ ഒരേ പാദത്തിലെ വരികൾ അർത്ഥബന്ധം ഇല്ലാത്ത വിധം വെട്ടിക്കുറയ്ക്കുന്നതു അഭികാമ്യമല്ല.



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## പാദാന്ത്യത്തിലുള്ള കലാശങ്ങൾ

1. താ കർകു തീ ത്തത്താ തിമൃതത്തെയ് (വന്ദനപാദം)
2. താ കർകു തീത്തെയ്യ തീത്തെയ് തകതെയ്യത്തെയ് (1,2,4)
3. തിത്തി തകത ത്താകർകു തീത്തെയ്യ തീത്തെയ്
തക തെയ്യത്തെയ് (3)
4. താ കർകു തിത്തത്തത്താ തിമൃതത്തെയ് (5,6)
5. കർകു തെയ്യ തിന്തക തിന്തത്തെയ് (5,6)
6. തെയ് തീത്തെയ് തീത്തെയ് തക തെയ്യത്തെയ് (1)
7. തിത്ത ത്തകത തികിതത്താം
തികിതക തകത തികിതത്താം
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തെയ് (13,14)
8. തക്കിട കിടതകി തായ്ക്ക തൊങ്കം
തരികിട കിടതകി തായ്ക്ക തൊങ്കം
തക്കിട കിടതേ തരികിട കിടതേ
തക്കിത്തൊങ്കം തളാങ്കു തതിം കിണതോം.
9. തീ തീ തെയ്യം തത്ത തികുതീ തെയ്യം തത്ത
തീത്തെയ് തികുതെയ് തീതെയ് ഇത്ത
തിത്താ തിമൃത ത്തെയ്
10. തീത്താം തിത്തത്താം (2)
കർകു തിത്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്താ തിമൃതത്തെയ്
11. തക്കിട കിടതകി തക്കിട കിടതകി
തക്കിട കിടതകി തീ
തകത തകത തകത തീ
തിക്കിട കിടതകി തിക്കിട കിടതകി



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഇന്തെയ് തത്ത

തത്തത്ത തകതത്തേ കർകു
തിത്തെയ് തക തെയ് തെയ്താ
ദൂതരോടൊരുമിച്ചാവഴി കുടി
വിധമൊരു തച്ചനു സാദൃശ്യമായി
ഒന്നാമത്തെ വരിയുടെ ചുവചുകളും കൈമുദ്രകളും ആവർത്തനം
തീത്താം തിത്തത്താം തിത്താം തിന്തത്താം കർകു തിന്തത്താം
കർകു തിത്തത്തത്താ തിത്ത തിമൃതത്തെയ്



'സാദൃശ്യമായി' എന്നു പാടുമ്പോൾ നാലാമത്തെ ഇരട്ടി ആരംഭിക്കുന്നു. വലതുകാൽ വലതു വശത്തേയ്ക്കു ചവിട്ടി ഇടതുകാൽ അവിടെത്തന്നെ ചവിട്ടി (ശരീരം വലതു വശത്തേയ്ക്ക് അല്പം ചലിക്കുന്നു) വീണ്ടുംവലതുകാൽ വലതുവശത്തേയ്ക്കു ചാടി ചവിട്ടി വീണ്ടും ഇടതുകാൽ വലതു കാലിന്റെ പിന്നിൽ കുത്തി വലതുകാൽ അവിടെത്തന്നെ ചവിട്ടുന്നു.ഇടതു കൈ തോളിനൊപ്പം ഇടതുഭാഗത്ത് നീട്ടിപ്പിടിച്ച് വലതുകൈ മടക്കി പതാകമുദ്രയിൽ കൈപ്പത്തി മലർത്തിയും കമഴ്ത്തിയും പിടിക്കുന്നു. ഇതുപോലെ തന്നെ ഇരുവശത്തേയ്ക്കും ചെയ്യുന്നു. വലതുകാൽ വലതുവശത്തേയ്ക്കു ചാടി, ഇടതുകാൽ വലതുകാലിന്റെ പിന്നിൽ കുത്തി വലതുകാൽ വലതുവശത്തേയ്ക്ക് ചവിട്ടുന്നു. ഇതുപോലെ തന്നെ ഇടതുവശത്തേയ്ക്കും ഒരുപ്രാവശ്യം കളിക്കുന്നു.

വലതുകാൽ മുമ്പോട്ടു ചാടി ചവിട്ടി ഇടതുകാൽ അവിടെത്തന്നെ ചവിട്ടി, വലതുകാൽ സമത്തിൽ ചവിട്ടി മുഴുമണ്ഡലത്തിൽ ഇരിക്കുന്നു. (വലതുകാൽ വിശി, കൈമുദ്രാപ്യത്തിൽ)

ഇത്തെയ് തത്ത

ദുതരോടൊരുമിച്ചാവഴികുടി
വിധമൊരു തച്ചനു സാദൃശ്യമായി
വിരവോടെ അരനാഴിക മുമ്പേ
ആദ്യവരികളിലെ കൈമുദ്രകളും ചുവടുകളും ആവർത്തനം.
ഇന്തെയ് തത്ത
തത്തത്ത ത്തകതത്തേ കര്കു തിത്തെയ് തക തെയ്തെയ് താം
വിശ്വമിടങ്കിലായവനൊരുവൻ
വിധിയുടെ അരചൻ തിരുമുമ്പാകെ
ആദ്യവരികളിലെ ചുവടുകളും കൈമുദ്ര
കളും ആവർത്തനം
ഇന്തെയ് തത്ത



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

21. മാറിയൊഴിഞ്ഞുള്ള മാനുഷരെല്ലാം - തീത്തെയ് തെയ് താരാ

22. ഘോഷമൊഴിയാതെ മറ്റും പലരും - തീത്തെയ് തെയ് താരാ

23. ആവോളം നല്ല ബഹുമാനത്താലെ - തീത്തെയ് തെയ് താരാ

24. സന്തോഷമായൊരു മാമ്മോദീസായും - തീത്തെയ് തെയ് താരാ

25. മൂവരൊരുമായാലൊത്തു മുഴുകി - തീത്തെയ് തെയ് താരാ

26. മൂടലൊഴിഞ്ഞവൻ മാർഗമെടുത്തു - തീത്തെയ് തെയ് താരാ

കലാശം:- "തെയ് തീത്തെയ് തീത്തെയ് തക തെയ്യ ത്തെയ്"

ചാടി വിളക്കിനഭിമുഖമായി അരമണ്ഡലത്തിലിരുന്ന് രണ്ടു ചുവട് ഇടതുവശത്തേയ്ക്ക് നീങ്ങി അരമണ്ഡലത്തിലിരിക്കുന്നു (വലതുകാൽ വീശി) ഇരിക്കുമ്പോൾ ഇടതു കൈപ്പത്തി മുന്നിലേയ്ക്കും വലതുകൈപ്പത്തി പുറകിലേയ്ക്കും നീട്ടിപ്പിടിച്ചിരിക്കുന്നു. (നോട്ടം പിറകിലേയ്ക്കായിരിക്കും)

## പതിമൂന്നാം പാദം - ആദിതാളം

ആദ്യത്തെ നാലു വരികളിൽ കളിക്കാതെ നിൽക്കുന്നു.

1. മാണിക്യക്കല്ലായ മാർഗം നാളിൽ നാളിൽ തെളിയുന്നു

2. മാറ്റാറ്റുള്ള നിവ്യാളന്മാർ മെല്ലെ മെല്ലെ ചവളുന്നു

3. മാമ്മോദീസാ മുഴുകുന്നവരും നാളിൽ നാളിൽ പെരുകുന്നു

4. മാർഗം നേടാക്കാവ്യരെല്ലാം കാണക്കാണക്കുറയുന്നു.

അടുത്ത വരികൾ പാടുമ്പോൾ കളി ആരംഭിക്കുന്നു.

5. ലോകവീതി നീളെ മാർഗമേറിയേറ്റം വളരുന്നു

6. ലൗകീകങ്ങൾ നീളെ നീളെ ചൊല്ലിപ്പലരും ചേരുന്നു

7. എന്നതിനാലെ ബ്രഹ്മാരുമേറിയേറ്റം വളരുന്നു.

8. എങ്ങുമൊക്കെ മാർത്തോമ്മാനെ തേടിക്കാണാഞ്ഞുഴലുന്നു.

വലതുകാൽ ചവിട്ടി മുന്നോട്ടുവച്ച് ഇടതുകാൽ വലതുകാലിനൊപ്പം



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

നന്തുനീയും കഴൽ പലതരമേ

തീത്തീ ത്തക തക തീത്തീത്തക തക

തീത്തീ ത്തക തക തീത്തീത്തെയ്

നന്മവരും വക പലമൊഴിയൊരു സ്തുതി

നന്നായി മലുക്കുകൾ പുലമ്പീതേ

തീ ത്തീ ത്തക തക തീത്തീത്തക തക

തീ ത്തീ ത്തക തക തീത്തീത്തെയ്

അഞ്ചാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം

'ഉടമ്പിൽ നിന്നുയിരെടുത്താകാശെ

ഉയിരവനിരിപ്പിടം പൂകിച്ചേ - ഇത തീത്തീത്തെയ്

തന്നാൾ കളിക്കുന്നു - അല്പമായി രണ്ടു കാലും ഒന്നിച്ചു ചാടി കൈ രണ്ട് പ്രാവശ്യം അടിക്കുന്നു. (അരമണ്ഡലം). അഭിമുഖമായി നിന്ന് വലതുകാൽ മുന്നോട്ടു വച്ച് ഇടതുകാലും മുന്നോട്ട് ഓരോ ചുവടുവച്ച്, രണ്ട് പേരുടെയും ഇടതുകൈകൾ സമത്തിൽ അടിക്കുന്നു. വലതുവശത്തുകൂടി രണ്ടുപേരും കടന്നുപോവുകയും ചെയ്യുന്നു. ഉടനെതന്നെ രണ്ട്പ്രാവശ്യം ചാടിക്കൊണ്ട് കൈ രണ്ട് പ്രാവശ്യം അടിച്ച് വീണ്ടും തിരികെ പോകുന്നു. നാലു വരികൾക്ക് ഈ ചുവടുകൾ ആവർത്തനം. രണ്ടാമത്തെ പ്രാവശ്യം മറ്റേ ആൾക്ക് അഭിമുഖമായി വരുന്നെങ്കിലും കൈ കൊടുക്കുന്നത് ആദ്യത്തെ ആളിന് തന്നെയാണ്. അടുത്ത ചാട്ടത്തിനു ശേഷം ഇതേ ചുവട് ഇടതുകാലിൽ ആരംഭിക്കുന്നു. കൈ അടിച്ച ശേഷം വീണ്ടും വലതുവശത്തേയ്ക്കു തിരിഞ്ഞ് ഇതേ ചുവട് രണ്ടു പ്രാവശ്യം കളിക്കുന്നു.

"ഉടമയിലുടയവനുടമ്പെടുത്തുഴകാൽ

നന്മ നിറഞ്ഞൊരു പള്ളിയിലെ - ഇത തീത്തീത്തെയ്

പതിമൂന്നാമത്തെ വരിയുടെ ചുവടുകളും കൈമുദ്രകളും ആവർത്തനം.

വച്ചിതു ധനമിതു മക്കളുമനുദിനം

അരുളു വഴിക്കു നടപ്പവരേ

തിത്തീത്തക തക തീത്തീ തക തക



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# marggam

Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org